2008, ഖുത്ബ നമ്പര് - 43

*ഖുത്ബ*
*17.10.2008*
*ബൈത്തുല്‍ ഫുതുഹ്,* ലണ്ടന്‍

بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# എല്ലാം അല്ലാഹുവിന്റെ ഔദാര്യം

ഹദ്റത്ത് മസീഹ് മൗഊദ് (അ) തന്റെ മക്കള്‍ വിശുദ്ധ ഖുര്‍ആന്‍ ആദ്യമായി ഓതിത്തീര്‍ത്ത സന്തോഷവേളയില്‍ രചിച്ച കവിതകളില്‍ അദ്ദേഹത്തിന് ലഭിച്ച ഔദാര്യങ്ങളെ അനുസ്മരിക്കുന്നുണ്ട്. ഒരു കവിതയില്‍ തന്റെ ശത്രുക്കളെ വക വരുത്തുകയും അപമാനിക്കുകയും ചെയ്ത അല്ലാഹു പരിശുദ്ധനാണ് (ഫസുബ്ഹാനല്ലദീ അഖ്ദല്‍ അആദീ) എന്ന വരികള്‍ പലവുരു ആവര്‍ത്തിച്ചെഴുതുന്നുണ്ട്. അതിലെ ഒരു കവിത ഇപ്രകാരമാണ്

**"ഹുവാ മൈ തേരാ ഫള്ലോംക്ക മുനാദീ**

**ഫസുബ്ഹാനല്ലദീ അഖ്ദല്‍ അആദീ**

ഞാന്‍ നിന്റെ ഔദാര്യങ്ങളെ പാടിനടക്കുന്നവനായി തീര്‍ന്നു. എന്റെ ശത്രുക്കളെ അപമാനിതനാക്കിയ അല്ലാഹു പരിശുദ്ധന്‍. ഹദ്റത്ത് മസീഹ് മൗഊദ് (അ)ന് അല്ലാഹു നല്‍കിയിരിക്കുന്ന ഔദാര്യം അവന്റെ വാഗ്ദാനപ്രകാരമാണ്. അത് എന്നെന്നും വര്‍ഷിച്ചുകൊണ്ടിരിക്കും. ആ മഹാത്മാവിന്റെ വഫാത്തിന് ഇപ്പോള്‍ നൂറു വര്‍ഷം പിന്നിട്ടുകഴിഞ്ഞു. ഇപ്പോഴും അല്ലാഹു തന്റെ അതിരറ്റ കൃപാകടാക്ഷം ഈ ജമാഅത്തില്‍ വര്‍ഷിച്ചുകൊണ്ടിരിക്കുകയാണ്. ഇന്‍ശാ അല്ലാഹ് ഇത് തുടര്‍ന്ന് കൊണ്ടിരിക്കുന്നതാണ്. അല്ലാഹുവിന്റെ ഫള്ലിന്റെ പ്രഘോഷകരായി ഈ ജമാഅത്ത് മാറുന്നതാണ്. ഈ അനുഗ്രഹവര്‍ഷം അവസാനം വരെ ഉണ്ടായിരിക്കുമെന്ന് ആ മഹാത്മാവ് വെളിപ്പെടുത്തുകയുണ്ടായി. ഇടയ്ക്ക് പല തടസ്സങ്ങളുമുണ്ടാകും.തന്റെ ഔദാര്യം കൊണ്ട് അല്ലാഹു ആ തടസ്സങ്ങളെല്ലാം നീക്കിത്തരുന്നതാണ്. വിജയവും പുരോഗതിയും മസീഹ് മൗഊദ് (അ) ന്റെ ജമാഅത്തിന് വിധിച്ചിരിക്കുന്നു. ആ മഹാത്മാവ് പറയുന്നു "അവന്‍ ഈ പ്രസ്ഥാനത്തിന് പൂര്‍ണ്ണ വിജയം നല്‍കുന്നതാണ്. ചിലത് എന്റെ കൈകൊണ്ടും ചിലത് എനിക്ക് ശേഷവും."

ശത്രുക്കളുടെ പരിഹാസത്തെക്കുറിച്ച് പരാമര്‍ശിച്ചുകൊണ്ട് പറയുന്നു "ശത്രുക്കളുടെ പരിഹാസ്യത്തിനും പുച്ഛിക്കലിനും ശേഷം അല്ലാഹു തന്റെ ശക്തി പ്രഭാവത്തിന്റെ മറ്റൊരു കരം പ്രകടിപ്പിക്കുന്നതാണ്. അപൂര്‍ണ്ണമായി കിടക്കുന്ന പ്രവര്‍ത്തനങ്ങള്‍ അതു മുഖേന അവന്‍ പരിപൂര്‍ണ്ണതയിലെത്തിക്കുന്നു. "

അല്ലാഹുവിന്റെ വാഗ്ദാനപ്രകാരം ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ പ്രവര്‍ത്തനങ്ങള്‍ പൂര്‍ത്തീകരിക്കാനാണ് അവന്‍ ഈ പ്രസ്ഥാനത്തിന് ഖിലാഫത്ത് സംവിധാനം നല്‍കിയിരിക്കുന്നത്. ജമാഅത്തിനെ ഒരു കൈയില്‍ ഒരുമിച്ച് നിര്‍ത്തി ഏകത്വം സ്ഥാപിക്കുന്നതിനും അവര്‍ ഒരു ശരീരം പോലെ ആയിത്തീര്‍ന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ ഭരമേല്‍പ്പിച്ചിരി ക്കുന്ന പ്രവര്‍ത്തനങ്ങള്‍ പൂര്‍ത്തിയാക്കി അവന്റെ ഔദാര്യത്തിന് എന്നെന്നും അവകാശികളാകാനുമാണ് ഈ സംവിധാനം അവന്‍ സ്ഥാപിച്ചിരിക്കുന്നത്. ഇത് മുഖേന നാം കൃതജ്ഞതയുള്ളവരായിക്കൊണ്ട് വിജയ പാന്ഥാവില്‍ മുന്നേറുന്നവരായിത്തീരുന്നതാണ്.

ജമാഅത്തിന്റെ വിജയം ഓരോ നിമിഷവും നാം ദര്‍ശിച്ചുകൊണ്ടിരിക്കുന്നു.നമ്മുടെ ത്യാഗത്തിന്റെ ഫലമോ നമ്മുടെ ശ്രമങ്ങള്‍ മുഖേനയോ ആണ് ഈ വിജയം ലഭിച്ചത് എന്ന ധാരണ നമുക്കുണ്ടാകാന്‍ പാടില്ല. ചില സ്ഥലങ്ങളില്‍ എതിര്‍പ്പുകള്‍ ഉണ്ടായിട്ടുകൂടി ജമാഅത്ത് ഉത്തരോത്തരം വിജയിച്ച് മുന്നേറുന്നത് തികച്ചും അല്ലാഹുവിന്റെ ഔദാര്യം മുഖേനയും അവന്റെ വാഗ്ദാനങ്ങളുടെ അടിസ്ഥാനത്തിലുമാണ്. മനുഷ്യകരങ്ങള്‍ക്ക് ഇതിലൊരു സ്വാധീനവുമില്ലെന്ന് മനസ്സിലാക്കുക. അതുകൊണ്ട് നാം ഐക്യത്തോടെ തോളോട് തോള്‍ ചേര്‍ന്നു നിന്നുകൊണ്ട് അല്ലാഹുവിന്റെ മുമ്പില്‍ കുമ്പിട്ട് അവന്റെ കൃതജ്ഞതയുള്ള ദാസരായിത്തീര്‍ ന്നാല്‍ ഈ വിജയം നാം എന്നെന്നും ദര്‍ശിക്കുന്നവരായി മാറും. അല്ലാഹു നമ്മെ നന്ദിയുള്ള ദാസരില്‍ ഉള്‍പ്പെടുത്തുമാറാകട്ടെ. അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ജമാഅത്തിന് വിധിച്ചിട്ടുള്ള എല്ലാ ഔദാര്യത്തിന്റെയും അനന്തരാവകാശികളായി നാം മാറട്ടെ. പൊങ്ങച്ചങ്ങളില്‍ നിന്നെല്ലാം നമ്മുടെ മനസ്സ് ശുദ്ധമായിരിക്കട്ടെ.

കഴിഞ്ഞ രണ്ടാഴ്ച ഞാന്‍ യാത്രയിലായിരുന്നു. ഈ അവസരത്തില്‍ അല്ലാഹു നമ്മില്‍ വര്‍ഷിച്ച ഔദാര്യത്തെക്കുറിച്ചും തിരുനബി(സ) യുടെ സത്യസന്ധനായ പ്രേമിയുടെ ജമാഅത്തിന് ഇസ്ലാമിന്റെ യഥാര്‍ത്ഥ സന്ദേശം എത്തിക്കുവാന്‍ ലഭിച്ച അവസരങ്ങളെക്കുറിച്ചും ചില വസ്തുതകള്‍ നിങ്ങളുടെ മുമ്പാകെ വെക്കാന്‍ ഞാന്‍ ആഗ്രഹിക്കുന്നു.

ഈ യാത്രയില്‍ ഫ്രാന്‍സ്, ജര്‍മ്മനി എന്നീ സ്ഥലങ്ങളില്‍ പള്ളികള്‍ ഉത്ഘാടനം ചെയ്യാനും, ഹോളണ്ടിലെ ജല്‍സയില്‍ പങ്കെടുക്കാനും, ബെല്‍ജിയത്തില്‍ നടന്ന അന്‍സാറുല്ലാഹ് ഇജ്തിമായില്‍ സംബന്ധി

ക്കാനും തൗഫീഖ് ലഭിച്ചു. ഫ്രാൻസിൽ പാരീ സിനടുത്ത് സെന്റ് പ്രിക്സ് എന്ന സ്ഥലത്ത് ജമാഅ ത്തിന് ഒരു പള്ളി നിർമ്മിക്കാൻ തൗഫീഖ് ലഭിച്ചു. ഇത് ഫ്രാൻസിലെ നമ്മുടെ ആദ്യത്തെ പള്ളിയാണ്. 1924 ൽ ഹദ്റത്ത് മുസ്ലീഹ് മൗഊദ് (റ) യൂറോപ്യൻ പര്യടനം നടത്തിയ പ്പോൾ ഇവിടെ മസ്ജിദ് ഫള്ലിന്റെ തറ ക്കല്ലിടുകയും വിഖ്യാതമായ വിംബ്ലേ കോൺഫറൻസിൽ പങ്കെടുക്കു കയും ആ പര്യടനത്തിൽ ഹുസൂർ പാരീസ് സന്ദർശിക്കു കയും ചെയ്തിരുന്നു. അന്ന് പാരീസിൽ ജമാഅത്തു ണ്ടായിരുന്നില്ല. പാരീസിൽ ഗവൺമെന്റിന്റെ ധനസഹാ യത്തോടെ അനഹ്മദി മുസ്ലീങ്ങൾ ഒരു പള്ളി പണിതി രുന്നു. അതിന്റെ പണി പൂർത്തിയായതേ ഉണ്ടായിരു ന്നുള്ളൂ. ആ പള്ളിയിൽ ആദ്യത്തെ നമസ്കാരം അനു ഷ്ഠിച്ചത് ഹദ്റത്ത് മുസ്ലീഹ് മൗഊദ് (റ) ആണ്. അന്ന് ആ മഹാത്മാവിന്റെ കൂടെ സഹാബാക്കളും മിർസാ ശരീഫ് അഹ്മദ് സാഹിബും മറ്റും ഉണ്ടായിരുന്നു. അവിടെ തബ്ലീഗ് പ്രവർത്തനം നടത്തുന്നതിനായി ഓരോരുത്തരേയും ആ മഹാത്മാവ് വിവിധ ഗ്രൂപ്പുകളായി തിരിച്ചു. ചുരുങ്ങിയ ദിവസങ്ങൾ മാത്രമെ അവിടെ തങ്ങിയുള്ളുവെങ്കിലും പലരുമായും ബന്ധം സ്ഥാപിക്കു വാനും ജമാഅത്തിനെ പരിചയപ്പെടുത്തുവാനും അന്ന് സാധിച്ചിരുന്നു. പിന്നീട് നമ്മുടെ മിഷൻ അവിടെ സ്ഥാപിക്കപ്പെട്ടു. അപ്പോൾ നമുക്ക് സ്വന്തമായി കെട്ടിട മൊന്നും ഉണ്ടായിരുന്നില്ല.

നാലാം ഖലീഫയുടെ കാലത്ത് അവിടെ സ്ഥലം വാങ്ങി. അതിൽ ഒരു വീടുണ്ടായിരുന്നു. ജമാഅത്തിന്റെ പള്ളിയും മിഷൻഹൗസുമെല്ലാം അതായിരുന്നു. അതി ന്റെ ഒരു ഹാളിൽ നമസ്കരിക്കും. കുറച്ചു വർഷങ്ങൾക്ക് ശേഷം അതിന്റെ മുമ്പിൽ പള്ളിക്കായി ഒരു താൽ ക്കാലിക ഹാൾ ജമാഅത്ത് നിർമ്മിച്ചു. ജുമുആക്കും നമസ്കാരത്തിനും അംഗസംഖ്യ വർദ്ധിക്കാൻ തുടങ്ങി. അന്നൊക്കെ ശക്തമായ എതിർപ്പുണ്ടായിരുന്നു. മുസ്ലീ ങ്ങളെ കുറിച്ചുള്ള ഇവിടുത്തുകാരുടെ കാഴ്ചപ്പാട് വളരെ മോശമായിരുന്നു. നമ്മുടെ താൽക്കാലിക പള്ളിയിൽ ഒരു ദിവസം അവിടുത്തെ ഇപ്പോഴത്തെ മേയർ സാഹിബ് ബൂട്ട് ധരിച്ചുകൊണ്ട് ഉള്ളിലേക്ക് കയറിവന്നു. നമ്മെ കുറെ ശകാരിക്കുകയും ചെയ്തു. നമസ്കരിക്കുന്ന സഫ്ഫുകളിൽ ബൂട്ടിട്ട് കയറിയ ഈ നീചകൃത്യം ജമാഅത്തംഗങ്ങളെ വല്ലാതെ വേദനിപ്പിച്ചു. നമുക്ക് ക്ഷമ കൈകൊള്ളുകയല്ലാതെ അന്ന് മറ്റൊരു മാർഗ്ഗവുമു ണ്ടായിരുന്നില്ല. നമുക്കുള്ള സ്ഥലത്തിനടുത്ത് 2003 ൽ മറ്റൊരുവീട് നാം വാങ്ങി.2006ൽ അതിനടുത്തുള്ള സ്ഥലവും വാങ്ങി. ഇപ്പോൾ നല്ലൊരു ഏരിയ ജമാഅ ത്തിന്റെ കൈവശമുണ്ട്. മൂന്നുവീടുകൾ ഒരുമിച്ചുണ്ട്. അതിനുപിന്നിൽ വിശാലമായ സ്ഥലവും. ആ വിശാ ലമായ സ്ഥലത്താണ് ഇപ്പോൾ പള്ളി നിർമ്മിച്ചി രിക്കുന്നത്. അവിടെ ഇപ്പോൾ താമസ സൗകര്യമുണ്ട് മിഷനറിയുടെ വീടും വിപുലമായ പരിപാടികൾ നടത്തു ന്നതിനായി വലിയ അടുക്കളയും ഡൈനിങ്ങ് ഹാളു മുണ്ട്. അല്ലാഹുവിന്റെ ഔദാര്യം നോക്കുക. ഇപ്പോൾ നമുക്കവിടെ പള്ളി നിർമ്മിക്കാൻ മാത്രമല്ല അനുവാദം നൽകിയിരിക്കുന്നത്, മറിച്ച് കോപാന്ധനായി പള്ളിയിൽ ബൂട്ട് ധരിച്ച് കയറിയ ആ മേയർ സാഹിബ് ജമാഅ ത്തിന്റെ ഒരു ഗുണകാംക്ഷി കൂടിയായി മാറിയിരിക്കു കയാണ്. ഇത് കാണുമ്പോൾ അത്ഭുതം തോന്നുന്നു. മുമ്പ്ചെയ്തുപോയ പ്രവർത്തനത്തെ ക്കുറിച്ച് അദ്ദേഹ ത്തോട് പറയുമ്പോൾ ലജ്ജിച്ച് തല താഴ്ത്തുന്നത് കാണാം. ഇപ്പോൾ അതിൽ വല്ലാതെ ദുഖിക്കുന്നുണ്ട്. പള്ളിയുടെ ഉത്ഘാടന വേളയിലും പള്ളിയുടെ ഫലകം അനാച്ഛാദനം ചെയ്യുമ്പോഴും ജുമുആ നടക്കുമ്പോഴും അദ്ദേഹം അവിടെ സന്നിഹിതനായിരുന്നു. മറ്റുള്ളവർക്ക് പ്രത്യേകമായ ഒരു റിസപ്ഷൻ വെച്ചിരുന്നെങ്കിൽകൂടി അദ്ദേഹം നമ്മോടുള്ള സ്നേഹംകാരണം അവിടെ വന്നു. ഒരു റൂമിലിരുന്ന് ഖുത്ബയും കേൾക്കുകയു ണ്ടായി. അദ്ദേഹം പത്രക്കാർക്ക് നൽകിയ ഇന്റർവ്യൂ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇന്റർവ്യൂവിൽ അദ്ദേഹം പറയുന്നു ഈ ജമാഅത്തിൽ നിന്ന് നമുക്കൊരു ഭീഷണിയുമില്ല എന്നതിന് ഞാൻ ജാമ്യം നൽകാം.ഇവർ നമ്മിൽപെട്ടവരാണ്. ദൈവത്തെ ആരാധിക്കുന്നതി ലേക്ക് ലോകരെ ക്ഷണിക്കുകയും ലോകത്ത് ശാന്തി സ്ഥാപിക്കുകയും ചെയ്യുക എന്നതല്ലാതെ മറ്റൊരു ഉദ്ദേശ്യവും ഇവർക്കില്ല.

നോക്കുക അല്ലാഹു ഹൃദയങ്ങളെ മാറ്റിമറിക്കുന്നത് ഈ രീതിയിലാണ്.

അവിടെ നടത്തിയ ഖുത്ബയിൽ ഞാൻ പറഞ്ഞിരുന്നു, ''ഇവിടെ ഇനി തബ്ലീഗിനുള്ള മാർഗ്ഗം തുറക്കപ്പെടുന്നതാണ് അതിനായി തയ്യാറായിരിക്കുക.'' അല്ലാഹുവിന്റെ ഫള്ൽ കൊണ്ട് ഇപ്പോൾ അതു തന്നെ യാണ് അവിടെ സംഭവിച്ചുകൊണ്ടിരിക്കുന്നതും. ജനങ്ങൾ പള്ളി കാണാൻ വരുന്നു. അവിടെ അടുത്ത് താമസിക്കുന്ന ഒരു മുസ്ലീം, പള്ളി സന്ദർശിക്കാൻ വന്നപ്പോൾ ആശ്ചര്യപ്പെട്ടുകൊണ്ട് ചോദിച്ചു, ''നിങ്ങ ൾക്ക് പള്ളി നിർമ്മിക്കാൻ എങ്ങനെയാണ് അനുവാദം ലഭിച്ചത്? ഇവിടുത്തെ മേയറും കൗൺസിലർമാരും മുസ്ലീംങ്ങളോട് വളരെ ക്രൂരമായി പെരുമാറുന്ന വരാണല്ലോ?''

അല്ലാഹു നമുക്ക് നൽകിയ ഫള്ൽ നോക്കുക മുസ്ലീംങ്ങളോട് ക്രൂരതകാട്ടുന്നവരാണെന്ന കുപ്രസിദ്ധി നേടിയവർ, നമുക്ക് പള്ളി നിർമ്മിക്കാൻ അനുവാദം നൽകുകയും പത്രമാധ്യമങ്ങളിൽ നമുക്കനുകൂലമായി പ്രസ്താവനകൾ നൽകുകയും ചെയ്യുന്നു.

മറ്റൊരു പത്രത്തിൽ പ്രസിദ്ധീകരിച്ച മേയർ സാഹിബിന്റെ പ്രസ്താവന ഇപ്രകാരമാണ്. '' അറിയ

പ്പെടാത്ത ഈ ജമാഅത്ത് ശാന്തവും ആദരണീയവുമായ ഇസ്ലാമിനെയാണ് സമർപ്പിക്കുന്നത്. ഇവർ സമാധാന കാംക്ഷികളാണെന്നതിന് ഞാൻ സാക്ഷിയാണ്. ഇവർ സമൂഹത്തിൽ അലിഞ്ഞു ചേർന്നിരിക്കുന്നു. നാടിന്റെ പുരോഗമന പ്രവർത്തനങ്ങളിൽ ഇവർ ഭാഗഭാക്കുകളാകുന്നുണ്ട്. അതുകൊണ്ടാണ് അവർ തങ്ങളുടെ എല്ലാ അയൽവാസികളേയും സൽക്കാരത്തിനായി ക്ഷണിച്ചിരിക്കുന്നത്. '' ഈ പത്രം ജമാഅത്തിനെക്കുറിച്ച് പരിചയപ്പെടുത്തുന്നുണ്ട്.(ജമാഅത്ത് ഉണ്ടായ വർഷം, എത്ര നാടുകളിലുണ്ട് തുടങ്ങിയവ).

വിവിധ പത്രങ്ങളിൽ ജമാഅത്തിനെക്കുറിച്ച് ചർച്ചകൾ നടക്കുന്നുണ്ട്. അവിടത്തെ അമീർ സാഹിബ് അതിഥികളെക്കൊണ്ട് വീർപ്പുമുട്ടുകയായിരുന്നു. ഇത്രയധികം ആളുകൾ വരുമെന്ന് അവർക്ക് ഒരിക്കലും പ്രതീക്ഷിക്കാൻ പറ്റുമായിരുന്നില്ല. നല്ല പബ്ലിസിറ്റിയാണ് നമുക്ക് കിട്ടിയത് ജനങ്ങൾ നമ്മേക്കുറിച്ചറിയാൻ പ്രത്യേക താത്പര്യം കാണിക്കുന്നുണ്ട്. സമയം വരുമ്പോൾ തന്റെ സാമീപ്യത്തിന്റെ ലക്ഷണങ്ങൾ പ്രകടമാക്കുന്ന ആ ദൈവത്തിന്റെ പ്രവർത്തനങ്ങളാണിവയെല്ലാം.

വെള്ളിയാഴ്ച വൈകുന്നേരം ഏഴുമണിക്കുള്ള ന്യൂസിൽ ഫ്രാൻസിലെ നാഷണൽ ടി.വി. ചാനൽ ജമാഅത്തിനെക്കുറിച്ച് വാർത്ത നൽകുകയുണ്ടായി. ആദ്യമായാണ് നമ്മെക്കുറിച്ച് ന്യൂസ് നൽകുന്നത്. ഞാൻ പള്ളിയുടെ ഫലകം അനാച്ഛാദനം ചെയ്യുന്നത് കാണിച്ചു. ഖുത്ബയുടെ അൽപം ഭാഗങ്ങളും എം.ടി.എ യെക്കുറിച്ചും കാണിച്ചു. എം.ടി.എ എന്ന ചാനൽ ഇവർക്കുണ്ടെന്നും അതിൽ പറഞ്ഞു. പള്ളിയുടെ വിവിധ ദൃശ്യങ്ങളും കാണിക്കുകയുണ്ടായി.

മറ്റൊരു ചാനലായ ടി.വി. ടൂന്റി ഫ്രാൻസിൽ ഒരു ഡോക്യുമെന്ററി തന്നെ അവർ ഉണ്ടാക്കി കാണിച്ചിട്ടുണ്ട്. മസീഹ് മൗഊദ് (അ) നെക്കുറിച്ചും ജമാഅത്തിനെക്കുറിച്ചും ടി.വി. ചാനലിനെക്കുറിച്ചും മസ്ജിദ് മുബാറക്ക് ഫ്രാൻസിനെക്കുറിച്ചും അതിന്റെ വിവിധ ദൃശ്യങ്ങളും 17/10ന് ബെർലിനിൽ പള്ളി ഉദ്ഘാടനം ചെയ്യപ്പെടുന്നതാണെന്നുമുള്ള വാർത്തകൾ അതിൽ ഉൾപ്പെടുത്തിയിരുന്നു. ഫ്രാൻസിൽ എല്ലാവരും കാണുന്ന ഒരു ചാനലാണിത്. ഇംഗ്ലീഷ്, ഫ്രഞ്ച്, അറബി തുടങ്ങിയ ഭാഷകളിൽ ഇത് സംപ്രേക്ഷണം ചെയ്യപ്പെടുന്നുണ്ട്. ഈ പ്രോഗ്രാം 4 പ്രാവശ്യം കാണിച്ചിട്ടുണ്ട്. 3 മിനിറ്റ് നീളുന്ന പ്രോഗ്രാമാണിത്. 2 പ്രാവശ്യം ഇംഗ്ലീഷിലും ഒരു പ്രാവശ്യം ഫ്രഞ്ചിലും ഒരു പ്രാവശ്യം അറബിയിലുമാണ് ഇത് കാണിച്ചത്.

കോടികൾ ചെലവഴിച്ച് പരസ്യം നൽകാൻ നമുക്ക് കഴിവില്ല. ഇനി പണം ചെലവഴിച്ച് പരസ്യം നൽകിയാൽ തന്നെ ഇത്ര വലിയ കവറേജും ലഭിക്കില്ല. ഈ വാർത്ത ആഫ്രിക്കയിലെ ഒരു നാട്ടിലും മൊറീഷ്യസിലും പ്രസിദ്ധീകരിക്കുകയുണ്ടായി. ചുരുക്കത്തിൽ ഈ ഒരു പള്ളി കാരണം ലോകത്തിലെ വിവിധ നാടുകളിൽ നമുക്ക് ജമാഅത്തിനെ പരിചയപ്പെടുത്താൻ സാധിച്ചു.വൈകുന്നേരം പള്ളി പരിസരത്തുവെച്ച് റിസപ്ഷൻ ഉണ്ടായിരുന്നു. അതിൽ അമ്പാസിഡർമാരും മറ്റു പ്രമുഖ വ്യക്തികളും പത്രപ്രതിനിധികളും പങ്കെടുത്തിരുന്നു. അവരുടെ മുമ്പിൽ ഇസ്ലാമിന്റെ അദ്ധ്യാപനങ്ങൾ തുറന്നുവെക്കാൻ അവസരം ലഭിച്ചു. ആദ്യകാല മുസ്ലിംകൾക്ക് നേരിടേണ്ടി വന്ന കൊടും മർദ്ദനങ്ങൾ ഞാൻ വിവരിച്ചപ്പോൾ പല സ്ത്രീകളും പുരുഷൻമാരും അതിൽ വൈകാരികമായി പിന്നീട് പ്രതികരിക്കുകയുണ്ടായി. അവർ പറഞ്ഞു മുസ്ലികളും മർദ്ദിക്കപ്പെട്ടിട്ടുണ്ടെന്ന ചരിത്രം ഞങ്ങൾ ആദ്യമായാണ് കേൾക്കുന്നത്. അക്രമം ചെയ്യുന്ന ഇസ്ലാമിനെയല്ലാതെ ആക്രമിക്കപ്പെട്ട ഇസ്ലാമിനെക്കുറിച്ച് ആരും ഞങ്ങളോട് ഇതേവരെ പറഞ്ഞിട്ടില്ല.

ഒരു ജർമൻ പ്രതിനിധിയും അവിടെ വന്നിരുന്നു. അദ്ദേഹം പറഞ്ഞു; ''ജർമനിയിൽ ചില യുവാക്കൾക്കിടയിൽ ഇസ്ലാം ആശ്ലേഷിക്കാനുള്ള ത്വര കാണുന്നുണ്ട്. അവർ ഇസ്ലാം സ്വീകരിക്കുന്നുണ്ടെങ്കിൽ അഹ്മദികളുടെ ഇസ്ലാം സ്വീകരിക്കട്ടെ എന്നതാണെന്റെ പ്രാർത്ഥന. കാരണം യഥാർത്ഥ ഇസ്ലാമിനെക്കുറിച്ച് അവർക്ക് അറിയാനും പ്രവർത്തിക്കാനും സാധിക്കുമല്ലോ.'' അദ്ദേഹം തുടർന്നു. ''ഞാൻ പല നാടുകളും സന്ദർശിച്ചിട്ടുണ്ട്. ഞാൻ പ്രൊട്ടസ്റ്റന്റാണ്. ഖുർആൻ എന്റെ കൈവശമുണ്ട്. അതിനെ ഞാൻ വളരെ ആദരവോടെയാണ് സൂക്ഷിക്കുന്നത്.'' ഇങ്ങനെ തബ്ലീഗ് പ്രവർത്തനങ്ങൾ അവിടെ നടന്നുവരുന്നു. പുതിയ പുതിയ വഴികൾ തുറക്കപ്പെടുകയാണ്. അല്ലാഹു സത്ഫലങ്ങൾ നൽകുമാറാകട്ടെ.

ഫ്രാൻസിനു ശേഷം പോളണ്ടിലെ ജൽസയിൽ പങ്കെടുക്കാൻ ഞങ്ങൾ പുറപ്പെട്ടു. ജൂബിലി ജൽസയുമായി ബന്ധപ്പെട്ടുകൊണ്ട് ചില പത്രപ്രതിനിധികൾ അവിടെ വന്നിരുന്നു. വലിയ ഒരു ജനവിഭാഗത്തിനു മുമ്പാകെ ജമാഅത്തിനെ പരിചയപ്പെടുത്താൻ നമുക്ക് സാധിച്ചു. ഇതും നമ്മെ സംബന്ധിച്ചിടത്തോളം അപ്രാപ്യമായിരുന്നു. അല്ലാഹുവിന്റെ ഔദാര്യത്തെ എണ്ണി എണ്ണി ജീവിതം കഴിച്ചുകൂട്ടിയാലും അവന്റെ ഔദാര്യം അവസാനിക്കുകയില്ല.

ഹോളണ്ടിനുശേഷം ബെർലിനിലേക്കായിരുന്നു യാത്ര. അഞ്ചാറ് മണിക്കൂർ യാത്രചെയ്ത് ബെർലിനിൽ എത്തി. ബെർലിൻ പള്ളി ഉദ്ഘാടനം അതിന്റെതായ പ്രാധാന്യം കാരണം ഒരു സുപ്രധാന അവസരം തന്നെയായിരുന്നു. ആ പ്രദേശത്തുള്ള എതിർപ്പും അവർ ജമാഅത്തിനെതിരിൽ തെറ്റായ കാഴ്ചപ്പാട് വെച്ച് പുലർത്തുന്നതും കൊണ്ട് അമീർസാഹിബും കൂട്ടരും എന്ത് സംഭവിക്കും എന്ന ചിന്തയിലായിരുന്നു. എതിരാളികളുടെ ബഹളംവെക്കലും അധികാരികളിൽ നിന്നുണ്ടായേക്കാ

വുന്ന മറ്റു പ്രശ്നങ്ങളും കണക്കിലെടുത്ത് അവിടെ ജനങ്ങൾ എത്തിചേരുന്നതിന് അമീർ സാഹിബ് ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. ക്ഷണിക്കപ്പെട്ടവർ മാത്രമേ വരാൻ പാടുള്ളൂ എന്ന കർശന നിലപാട് അവിടെ സ്വീകരിച്ചു. ഒരു കണക്കിന് അവരുടെ ഈ നിലപാടും ശരിയായിരുന്നു. എന്നാൽ നിയന്ത്രണം അൽപ്പം കൂടുതലായിപ്പോയി.

അവിടെയും അല്ലാഹു തന്റെ ഔദാര്യം കൊണ്ട് പ്രത്യേകമായ സാഹചര്യം നമുക്കൊരുക്കിതന്നു. ഇടതുപക്ഷത്തിലെ വലിയ കക്ഷി ഉദ്ഘാടന ദിവസം കൂറ്റൻ പ്രകടനം നടത്താൻ ഉദ്ദേശിച്ചിരുന്നു. എന്നാൽ തലേദിവസം തന്നെ അവർ തീരുമാനം മാറ്റുകയും ഞങ്ങൾ ജമഅത്തിനെതിരിലോ പള്ളിക്കെതിരിലോ ഒരുവിധ പ്രകടനവും നടത്തുന്നതല്ലെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. അവരുടെ ഈ പ്രഖ്യാപനം ശരിയായിരിക്കുമോ എന്ന സംശയത്തിലായിരുന്നു പോലീസും പത്രപ്രതിനിധികളും. കാരണം പെട്ടെന്ന് തീരുമാനം മാറ്റുന്നവരല്ല അവർ. എന്നാൽ അല്ലാഹു ഔദാര്യം ചെയ്യുമ്പോൾ നമുക്ക്പോലും ഊഹിക്കാൻ കഴിയാത്ത രീതിയിൽ നമുക്കനുകൂലമായി കാറ്റുവീശുന്നു.

ജമാഅത്തംഗങ്ങളും മുബല്ലിഗ്മാരും നമ്മേക്കുറിച്ചുള്ള തെറ്റുധാരണ അകറ്റുന്നതിന്നായി ദീർഘകാലമായി ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഇസ്ലാമിന്റെ യഥാർത്ഥ അദ്ധ്യാപനത്തെക്കുറിച്ചും പള്ളികളുടെ ഉദ്ദേശ്യത്തെക്കുറിച്ചും സ്ത്രീസ്വാതന്ത്ര്യത്തെക്കുറിച്ചും ഇസ്ലാമിന്നെതിരിൽ പാശ്ചാത്യനാടുകളിൽ പ്രചരിതമായ തെറ്റായ വിശ്വാസങ്ങളെക്കുറിച്ചും നിരന്തരം ചർച്ചകൾ നടന്നുകൊണ്ടിരുന്നതാണ്. എന്നാൽ അതിലൊന്നും തൃപ്തരാകാതെ പുതിയപുതിയ ന്യായങ്ങളുമായി അവർ രംഗത്തുവരും. അങ്ങനെയുള്ള സ്ഥലത്താണ് പെട്ടെന്നുള്ള ഈ മാറ്റം. ഇത് അല്ലാഹുവിന്റെ ഔദാര്യമല്ലെങ്കിൽ മറ്റെന്താണ്?

എതിരാളികൾ നമുക്കെതിരിൽ പ്രകടനം നടത്തും എന്ന് പ്രഖ്യാപിച്ചപ്പോൾ മാന്യന്മാർ നമുക്കനുകൂലമാകുകയും മാന്യത അവിടെ വിജയിക്കുകയും ചെയ്തു. അല്ലാഹു ഈ മാന്യന്മാരുടെ ഹൃദയം കൂടുതൽ വിശാലമാക്കുകയും ഇസ്ലാമിന്റെ യഥാർത്ഥ അധ്യാപനങ്ങൾ ഉൾക്കൊള്ളുന്നവരാക്കി അവരെ മാറ്റുകയും ചെയ്യട്ടെ.

ഉദ്ഘാടന ദിവസം പുതുതായി നിർമ്മിച്ച പള്ളിക്ക് അഭിനന്ദനങ്ങൾ എന്ന തലക്കെട്ടിൽ ഒരു പത്രം ഇപ്രകാരം എഴുതി. ഖുർആൻ മറനീക്കി ഏവർക്കും ദൃശ്യമാക്കുന്ന രീതിയിൽ ചുമരുകളിൽ പ്രത്യക്ഷപ്പെടുന്നത് മുസ്ലിംകൾ ജർമനിയുടെ ഭാഗമായിത്തീർന്നു എന്നതിനുള്ള ഉദാഹരണമാണ്. പത്രം എഴുതുന്നു. മുസ്ലിംകൾ ജർമ്മനിയിൽ എവിടെ പള്ളിനിർമ്മിക്കുകയാണെങ്കിലും ഞങ്ങൾ അവർക്ക് അഭിനന്ദനങ്ങൾ അർപ്പിക്കുന്നു. പൗരധർമ്മത്തിൽ നിന്നും അവർ ഒഴിഞ്ഞുമാറാൻ പാടില്ല.

നാം ആഗ്രഹിക്കുന്നത് മത സ്വാതന്ത്ര്യമാണ്. ഓരോ മുസ്ലിമും നിയമം പാലിക്കുന്നവനായിരിക്കും. മത സ്വാതന്ത്ര്യത്തെക്കുറിച്ചും ഇവരുടെ കഷ്ടപ്പാട് മുസ്ലിംകൾ മനസ്സിലാക്കുകയും ജമാഅത്തിനെക്കുറിച്ചുള്ള ഇവരുടെ ധാരണ മാറ്റുകയും ചെയ്തിരുന്നെങ്കിൽ, പ്രത്യേകിച്ച് പാക്കിസ്ഥാനിൽ എത്ര നന്നായിരുന്നു.

ചുരുക്കത്തിൽ പത്രങ്ങളും എതിർപ്പും, ഉദ്ഘാടനത്തിനു മുമ്പേ തന്നെ പള്ളി ഒരു ചർച്ചാ വിഷയമായിക്കഴിഞ്ഞിരുന്നു. ഉദ്ഘാടനത്തിന് പുതിയ ബന്ധങ്ങൾ സ്ഥാപിക്കാൻ ഇതോടെ കഴിഞ്ഞു. ജനങ്ങളുടെ ഇടയിൽ അന്വേഷണ ത്വര വർദ്ധിക്കുകയും ചെയ്തു. വിദൂര സ്ഥലത്ത് നിന്ന് പള്ളികാണാൻ ഒരു ജർമ്മൻ സ്ത്രീവന്നിരുന്നു. അവർ പറഞ്ഞു. “ഞാൻ പത്രങ്ങളിലൂടെയും ടിവിയിലൂടെയും ഇവിടെ ഒരു പള്ളി ഉദ്ഘാടനം ചെയ്യപ്പെടുന്നുണ്ടെന്നും അതിനായി ഖലീഫ ലണ്ടനിൽ നിന്ന് വരുന്നുണ്ടെന്നും ഇന്നലെ മുതൽ കേൾക്കുന്നുണ്ട്. ” അവർ എന്നെ കാണാനാണ് വന്നത്.

വ്യാഴാഴ്ച രാത്രി അതിഥികൾക്കു ഒരു സൽക്കാരം ഉണ്ടായിരുന്നു. ജർമ്മൻ പാർലമെന്റിലെ ഡെപ്യൂട്ടി സ്പീക്കറും മറ്റു പല മെമ്പർമാരും പത്രപ്രതിനിധികളും മറ്റു പ്രമുഖരും അതിൽ പങ്കെടുത്തിരുന്നു. മെമ്പർമാർക്ക് അൽപനേരം സംസാരിക്കാനുള്ള അവസരവും നൽകിയിരുന്നു. ജമാഅത്തിനെക്കുറിച്ച് വളരെ നല്ല അഭിപ്രായമാണ് അവരെല്ലാം പ്രകടിപ്പിച്ചത്. അവസാനം ഞാൻ ഇസ്ലാമിന്റെ ആകർഷകമായ അധ്യാപനങ്ങളെക്കുറിച്ചും പള്ളികളുടെ പ്രാധാന്യത്തെക്കുറിച്ചും അതിനെക്കുറിച്ച് ഞങ്ങൾക്ക് നൽകിയിരിക്കുന്ന അധ്യാപനങ്ങളെക്കുറിച്ചും പ്രസംഗിക്കുകയുണ്ടായി. എല്ലാവരും സശ്രദ്ധം കേൾക്കുന്നുണ്ടായിരുന്നു. അവർക്കതിൽ താത്പര്യമുണ്ടെന്ന് അവരുടെ മുഖത്ത് തെളിഞ്ഞ ഭാവപ്രകടനത്തിൽ നിന്നും, ഇടക്കിടക്ക് തല കുലുക്കി സമ്മതിക്കുന്നതിൽ നിന്നുമെല്ലാം മനസ്സിലാക്കാൻ സാധിക്കുന്നതാണ്. ചിലർ പ്രസംഗ മധ്യേ കുറിപ്പും തയ്യാറാക്കുന്നുണ്ടായിരുന്നു. ഈ വിഷയമെല്ലാം കേൾക്കുമ്പോൾ അവർക്ക് അത്ഭുതവും അതിലേറെ ആശ്ചര്യവുമായിരുന്നു.

ഇതിനുശേഷം എന്നെ കണ്ടവരിൽ ചിലർ പറഞ്ഞത് ഇസ്ലാമിനെക്കുറിച്ച് പുതിയ പലകാര്യങ്ങളും ഞങ്ങൾ പഠിക്കാൻ സാധിച്ചു എന്നാണ്.

ഈ പരിപാടികളും മീഡിയ നല്ലതുപോലെ കവർ ചെയ്തിട്ടുണ്ട്. പല സ്ഥലങ്ങളിലും ജമാഅത്തിനെ പരിചയപ്പെടുത്താൻ നമുക്ക് സാധിച്ചു. ലോകത്തെ 148 പത്രങ്ങളിലാണ് ബെർലിനിലെ ഖദീജ മസ്ജിദിന്റെ ഉദ്ഘാടന വാർത്ത പ്രസിദ്ധീകരിച്ചിട്ടുള്ളത്. ജർമ്മനികൂടാതെ 16 രാഷ്ട്രങ്ങളിലെ പത്രങ്ങളിൽ ഇത് പ്രസിദ്ധീകരിച്ചിട്ടുണ്ട്. അമേരിക്ക, ഓസ്ട്രിയ, തുർക്കി, ബഹ്റൈൻ, ന്യൂസിലാന്റ്, ഇംഗ്ലണ്ട്, പാക്കിസ്ഥാൻ, ശ്രീലങ്ക, കാന

ഡ, കുവൈത്ത്, ഫ്രാൻസ്, സ്കോട്ട്ലാന്റ്, ഇന്ത്യ, സൗദി അറേബ്യ, ആസ്ത്രേലിയ തുടങ്ങിയ രാജ്യങ്ങളാണിവ. സി എൻ എൻ, ഗൂഗിൾ ന്യൂസ്, ഗൾഫ് ന്യൂസ് അസോസി യേറ്റഡ് പ്രസ്, ഗാമ്പിയ ന്യൂസ് ഏജൻസി, വേൾഡ് ന്യൂസ് നെറ്റ്‌വർക്ക്, ന്യൂസ് എ ഡോട് കോം തുടങ്ങിയ ഇല ക്ട്രോണിക് മീഡിയകളിലും ഈ ന്യൂസ് പ്രസിദ്ധീകരി ച്ചിട്ടുണ്ട്. പത്രങ്ങളിൽ ഗാർഡിയൻ യു കെ, എ.ബി.സി ന്യൂസ് യു എസ് എ, തുടങ്ങിയ പ്രമുഖ പത്രങ്ങളിലും ഈ വാർത്ത വന്നിട്ടുണ്ട്. ചുരുക്കത്തിൽ വളരെ വിപുല മായ രീതിയിൽ അല്ലാഹുവിന്റെ ഓദാര്യം കാരണമായി നമ്മെ പരിചയപ്പെടുത്താനുള്ള അവസരം ലഭിച്ചു. പോള ണ്ട്, ഇറ്റലി, ചെക്ക് റിപ്പബ്ലിക്ക് തുടങ്ങിയ സ്ഥലത്തെ അന്താരാഷ്ട്ര പത്രങ്ങളിലും പ്രാദേശിക പത്രങ്ങളിലും എല്ലാം വാർത്ത വന്നിട്ടുണ്ട്.

അവിടത്തെ വളരെ പ്രചാരമുള്ള ഒരു പത്രം ഇപ്ര കാരം എഴുതുന്നു. '' പള്ളികൾ ക്ഷമയുടെ കരുത്ത് പക രുന്നു. പള്ളിയുടെ ഉദ്ഘാടനത്തിൽ ബെർലിൻ പ്രധാ നമന്ത്രി അഭിനന്ദനങ്ങൾ അറിയിച്ചു. ഈ പള്ളി ക്ഷമയു ടെയും സാഹോദര്യത്തിന്റെയും മുഖമുദ്രയായി മാറട്ടെ എന്നദ്ദേഹം ആശംസിക്കുകയുണ്ടായി. ജർമൻ പാർല മെന്റ് ഡെപ്യൂട്ടി സ്പീക്കറും അഭിനന്ദനങ്ങൾ അറിയിക്കു കയുണ്ടായി. പത്രത്തിൽ തുടർന്നെഴുതുന്നു. എതിർപ്പു കളെ വകവെക്കാതെ പള്ളിനിർമ്മാണത്തിന് അനുവാദം നൽകിയ ഉദ്യോഗസ്ഥരുടെ നടപടിയെ അഹ്മദിയ്യാ ജമാ അത്തിന്റെ അഞ്ചാം ഖലീഫ വളരെയധികം പ്രശംസി ക്കുകയുണ്ടായി. ജർമ്മനിയോട് തന്റെ ജമാഅത്തംഗങ്ങൾ പൂർണ്ണ കൂറുപുലർത്തുന്നതാണെന്ന് അദ്ദേഹം ഉറപ്പു നൽകുകയും ചെയ്തു. പള്ളിയെ എതിർക്കുന്നവർക്കായി നന്മവരട്ടെ എന്നദ്ദേഹം ആശംസിക്കുകയുണ്ടായി. അഹ്മദികളെ ജർമ്മൻ സമൂഹത്തിന്റെ ഒരു ഭാഗമായി പരിഗണിക്കുമെന്ന് അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു.''

ചുരുക്കത്തിൽ ജർമ്മനിയിൽ നിന്ന് പ്രസിദ്ധീകൃത മാകുന്ന എല്ലാ പത്രങ്ങളിലും ഇതിന്റെ ന്യൂസ് വന്നിട്ടു ണ്ട്. ഇതേ പോലെ ബുർക്കീനോഫാസോവിലും ഈ വാർത്ത പ്രസിദ്ധീകരിച്ചിട്ടുണ്ട്. ജർമ്മനിയിലെ പ്രധാന ന്യൂസ് ചാനലായ യൂറോന്യൂസ് മൂന്ന് മിനിറ്റ് നേരം ഈ ന്യൂസ് നൽകിയിരുന്നു. യൂറോപ്പിൽ എല്ലാവരും കാണുന്ന ചാനലാണിത്. ഉദ്ഘാടന ദൃശ്യങ്ങൾ അതിൽ കാണി ക്കുകയുണ്ടായി. ഈ ചാനലിൽ ഒരു രീതിയിലും നമുക്ക് എത്തിപ്പെടാൻ കഴിയുമായിരുന്നില്ല .അല്ലാഹുവിന്റെ അട യാളങ്ങൾ വളരെ പ്രകടമായ രീതിയിലാണ് പ്രത്യക്ഷ മായിക്കൊണ്ടിരിക്കുന്നത്. എന്നിട്ടും അന്ധരായ എതി രാളികൾക്ക് ഇതൊന്നും മനസ്സിലാക്കാൻ സാധിക്കുന്നി ല്ല. പല അറബി ചാനലുകളും നമ്മുടെ വിശ്വാസങ്ങൾ വളച്ചൊടിച്ചാണെങ്കിൽ കൂടി ഖദീജാ മസ്ജിദിന്റെ പേരിൽ വാർത്ത നൽകിയിട്ടുണ്ട്. എതിരാളികൾ എപ്പോഴും ആക്ഷേപിക്കാറുള്ളത് അഹ്മദികൾ ബ്രിട്ടീഷ് ഏജന്റാണെന്നാണ്. ഇത് പണ്ടേ ഉള്ള ആക്ഷേപമാണ്. അത് തന്നെ ഇവരും ആക്ഷേപിക്കുന്നു. 1923ൽ ബെർലിൻ മസ്ജിദിന്റെ പണിതുടങ്ങിയപ്പോൾ നമുക്കെ തിരിലുള്ള ഒരു മിസ്രി സംഘടനയും ഗവൺമെന്റിനെ നമുക്കെതിരിൽ തിരിക്കുന്നതിനായി ഉപയോഗിച്ച ആയു ധവും ഇവർ ബ്രിട്ടീഷ് സൃഷ്ടിയാണെന്നതായിരുന്നു. അതുകൊണ്ട് ഇവർ ജർമ്മിക്കെതിരിലാണെന്നും അവർ പ്രചരിപ്പിച്ചു. ഈ കുപ്രചാരണം ശക്തമായപ്പോൾ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) ഈ ആക്ഷേപത്തിന്ന് വ്യക്തമായ മറുപടി നൽകിക്കൊണ്ട് ഒരു ലേഖനം അവി ടത്തെ മുബല്ലിഗായിരുന്ന മൗലവി മുബാറക്കലി സാഹി ബിന്ന് അയച്ചുകൊടുത്തിരുന്നു. അത് പത്രങ്ങളിൽ പ്രസി ദ്ധീകരിക്കണമെന്നും ജനങ്ങൾക്കിടയിൽ വിതരണം ചെയ്യ ണമെന്നും അദ്ദേഹത്തോട് നിർദ്ദേശിച്ചിരുന്നു. അന്നത്തെ ആ ചരിത്രസംഭവം. ദോസ്ത് മുഹമ്മദ് സാഹിബാണ് ഇന്നലെ എനിക്ക് അയച്ചുതന്നത്. ആ ലേഖനത്തിൽ മുസ്‌ലിഹ് മൗഊദ് (റ) പറയുന്നു. ''ഞങ്ങൾ ഏതുനാട്ടി ലാണോ താമസിക്കുന്നത് ആ നാടിനോട് കൂറുള്ളവരാ യിരിക്കും. ആ നാട്ടിലെ എല്ലാ ജനവിഭാഗത്തിനും ഇസ്‌ലാമിന്റെ സന്ദേശം എത്തിക്കുക എന്നതാണ് ഞങ്ങ ളുടെ കടമ. ഞങ്ങൾ ആ കടമ നിർവ്വഹിക്കുന്നു. അതി നുവേണ്ടിയാണ് ഞങ്ങൾ  പള്ളി നിർമ്മിക്കുന്നത്.''

ബെർലിനിലെ നമ്മുടെ മുബല്ലിഗ് അബ്ദുൽ ബാസിത് സാഹിബ് അയച്ച റിപ്പോർട്ടിൽ അദ്ദേഹം പറ യുന്നു. (ഞങ്ങൾ അവിടെ നിന്നും മടങ്ങിയ) ശനിയാ ഴ്ചയും അടുത്ത ദിവസമായ ഞായറാഴ്ചയും ദൂരെ ദൂരെ ദിക്കുകളിൽ നിന്നും പള്ളി സന്ദർശിക്കാൻ ജനങ്ങൾ വന്നു കൊണ്ടിരുന്നു. ഈ  രണ്ട് ദിവസങ്ങളിൽ ഏക ദേശം 900 പേരാണ് പള്ളി സന്ദർശിച്ചത്. അവർക്ക് നമ്മൾ നല്ല  രീതിയിൽ ആതിഥ്യമരുളുകയുണ്ടായി. അവർ പള്ളിയുടെ ഫോട്ടോ എടുത്തു. ബെർലിനിലെ അത്ഫാലും നാസിറാത്ത് കുട്ടികളും അവർക്ക് വേണ്ട ആതിഥ്യമരുളുകയും പള്ളിയെക്കുറിച്ചും ഇസ്‌ലാമിനെ കുറിച്ചും അവർക്ക് പരിചയപ്പെടുത്തിക്കൊടുക്കുകയും ചെയ്തുവരുന്നു. ഈ കുട്ടികളുടെ സേവനമാണ് പല രെയും അത്ഭുതപ്പെടുത്തുന്നത്. മുബല്ലിഗ് സാഹിബ് തന്റെ റിപ്പോർട്ടിൽ തുടർന്നെഴുതുന്നു. പ്രായമുള്ള ഒരു ജർമ്മൻ വനിത എന്റെ അടുത്ത് വന്ന് പത്ത് പന്ത്രണ്ട് വയസുള്ള ഈ കുട്ടികളുടെ പ്രവർത്തനത്തെക്കുറിച്ച് വള രെയധികം പ്രശംസിക്കുകയുണ്ടായി. അവർ ചോദിച്ചു, ഇവർക്ക് ഇസ്‌ലാമിനെക്കുറിച്ച് ഇത്ര നല്ല രീതിയിൽ പരി ചയപ്പെടുത്താൻ എങ്ങിനെയാണ് സാധിക്കുന്നത്. ഞാൻ അവരോട് പറഞ്ഞു. ഇവരുടെ ഉമ്മമാർ ഇവർക്ക് ശിക്ഷണം നൽകുന്നു,കൂടാതെ ജമാഅത്തിലും ശിക്ഷണം നൽകുന്നതിനുള്ള സംവിധാനമുണ്ട്. ചുരു ക്കത്തിൽ ഇവിടെ കുട്ടികൾക്കും തബ്‌ലീഗിനുള്ള അവ സരം ലഭിച്ചുകൊണ്ടിരിക്കുകയാണ്

ഒരു ജർമൻ അയൽവാസി അവിടെവന്ന് മുബല്ലിഗിനോട് പറഞ്ഞു, ഇവിടെ പള്ളി നിർമ്മിച്ചതിന് ഒരു അയൽവാസി എന്ന നിലക്ക് ഞാൻ അഭിനന്ദനങ്ങൾ അർപ്പിക്കുന്നു. കാരണം മറ്റൊരു സംസ്കാരവും മതവും ഞങ്ങളുടെ അടുത്തേക്ക് വരുന്നതിൽ ഞാൻ വളരെയധികം സന്തോഷിക്കുന്നു. ബെർലിൻ ചർച്ചിന്റെ ഒരു പ്രതിനിധി ചർച്ചിന്റെ അഭിനന്ദനങ്ങൾ അർപ്പിച്ചുകൊണ്ട് മുബല്ലിഗ് സാഹിബിന് കത്തയക്കുകയുണ്ടായി.

ബെർലിൻ പള്ളി ഉദ്ഘാടനത്തിനുശേഷം ഞങ്ങൾ ബെൽജിയത്തിൽ നടക്കുന്ന അൻസാറുല്ലാഹ് ഇജ്തിമാഇൽ പങ്കെടുക്കാൻ പുറപ്പെട്ടു. അവിടെയും ജമാഅത്തംഗങ്ങൾ ഒത്തുചേർന്നിരുന്നു. അവരോടും ചില കാര്യങ്ങൾ സംസാരിക്കാൻ തൗഫീഖ് ലഭിച്ചു. ഇജ്തിമാക്ക് ശേഷം വൈകുന്നേരം തന്നെ ലണ്ടനിലേക്ക് ഞങ്ങൾ തിരിച്ചു. ഇവിടേക്ക് വേഗം തിരിച്ചുവരുവാനുള്ള കാരണം മസ്ജിദ് ഫസൽ മേഖലയിലുള്ള നമ്മുടെ പാർലമെന്റ് മെമ്പർ ജസ്റ്റിൻ ഗ്രീനിച്ച് ഖിലാഫത്ത് ജൂബിലിയുമായി ബന്ധപ്പെട്ടുകൊണ്ട് പാർലമെന്റ് ഹൗസിൽ ഒരു റിസപ്ഷൻ ഒരുക്കിയിരുന്നു അതിൽ സംബന്ധിക്കാനാണ് ഞാൻ വേഗം വന്നത്. നദിയുടെ ഓരം ചേർന്നുള്ള ഒരു ഹാളിലായിരുന്നു പരിപാടി. പാർലമെന്റ് ഹൗസിൽ സംഘടിപ്പിക്കപ്പെട്ട ഈ പരിപാടിയിൽ എംപിമാരും മറ്റു പ്രമുഖരും പങ്കെടുത്തിരുന്നു. വിശുദ്ധഖുർആന്റെ വെളിച്ചത്തിൽ അവിടെ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ആഗമനോദ്ദേശം, ഖിലാഫത്തിന്റെ പ്രവർത്തനങ്ങൾ, ഇസ്‌ലാമിന്റെ ശാന്തിസന്ദേശം, ഇക്കാലത്ത് ലോകത്ത് ശാന്തിസ്ഥാപിക്കാൻ എങ്ങിനെ സാധിക്കും, വൻ ശക്തികളുടെ ഉത്തരവാദിത്വം എന്താണ്, ഇന്നുള്ള സാമ്പത്തിക പ്രതിസന്ധിക്ക് കാരണം പലിശ ഇടപാടാണ് തുടങ്ങിയ കാര്യങ്ങൾ വിവരിക്കാൻ സാധിച്ചു. ഈ വിവരണങ്ങളെല്ലാം അവരെ സംബന്ധിച്ചേടത്തോളം ആശ്ചര്യജനകമായിരുന്നു. ഇതിനെക്കുറിച്ച് അവർ പിന്നീട് പ്രതികരിക്കുകയും ചെയ്തിരുന്നു. നമുക്ക് റിസപ്ഷൻ തന്നത് അവരുടെ സ്വഭാവ മഹിമ പ്രകടിപ്പിക്കൽ മാത്രമായിരുന്നില്ലെന്ന് പിന്നീടുള്ള അവരുടെ പ്രവർത്തനത്തിൽ നിന്നും മനസ്സിലാകുന്നതാണ്. അവർക്ക് ഈ കാര്യങ്ങളെല്ലാം അറിയാൻ അതിയായ താത്പര്യമുണ്ടായിരുന്നു. ഞാൻ പ്രസംഗിക്കുമ്പോൾ പലരും കുറിപ്പ് തയ്യാറാക്കുന്നുണ്ടായിരുന്നു. അവരുടെ സംവിധാനം മാറ്റുന്നതിനും നല്ല കാര്യങ്ങൾ എവിടെനിന്ന് ലഭിക്കും എന്ന് അന്വേഷിക്കുന്നതിനും അവർ നിർബന്ധിതരായിരിക്കുകയാണ്. പാർലമെന്റ് ഹൗസിൽ തന്നെ നമുക്ക് സുഹർ, അസർ നമസ്കാരങ്ങൾ അനുഷ്ഠിക്കുവാനും അല്ലാഹു തൗഫീഖ് നൽകി. പാർലമെന്റ് ഹൗസിൽ ഇസ്ലാമിന്റെ സന്ദേശം ശ്രദ്ധാപൂർവ്വം കേൾക്കുക എന്നതുതന്നെ ഇവരുടെ ചിന്താഗതികൾ മാറുന്നുണ്ട് എന്നതിന്റെ ലക്ഷണങ്ങളാണ്. ഇതെല്ലാം അല്ലാഹുവിന്റെ ഔദാര്യം ഒന്നകൊണ്ട് മാത്രമാണ് നടന്നത്. നമ്മുടെ ഒരു പരിശ്രമഫലവുമല്ല. ഈ റിപ്പോർട്ടുകൾ എം.ടി.എയിൽ വരുന്നതാണ്. അല്ലെങ്കിൽ റിപ്പോർട്ട് രേഖയിൽ ഉൾപ്പെടുന്നതാണ്.

നമ്മൾ ബ്രിട്ടീഷുകാരാൽ നടപ്പെട്ട ചെടിയാണെന്നാണ് എതിരാളികൾ ആക്ഷേപിക്കാറുള്ളത്. എന്നാൽ ഇസ്ലാമിന്റെ അദ്ധ്യാപനങ്ങൾ ഈ രീതിയിൽ കേൾപ്പിക്കാൻ നമ്മുടെ എതിരാളികളിൽ ആർക്കെങ്കിലും കഴിയുമോ? ശത്രുത ഇവരെ അന്ധരാക്കിയിരിക്കുകയാണ്. അല്ലാഹുവിന്റെ വിധി ഏതു വഴിക്കാണ് പോകുന്നതെന്ന് ഇവർ അറിയുന്നില്ല. ഇവർ നാശത്തിന്റെ ഗർത്തത്തിലേക്കാണ് ആപതിക്കുന്നതെന്നും ഇവർ ചിന്തിക്കുന്നില്ല. മുല്ലമാർക്ക് അഹ്മദിയ്യത്തിനോടും ഹദ്റത്ത് മസീഹ് മൗഊദ് (അ) നോടും ശത്രുത വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ സന്ദേശം ശ്രവിക്കുന്നതിലും അത് അംഗീകരിക്കുന്നതിലുമാണ് ഇന്ന് മുസ്ലിംകൾക്ക് രക്ഷയുള്ളത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) അരുളുന്നു.

അൽപജ്ഞാനികളായ മൗലവിമാർ തങ്ങളുടെ കണ്ണുകൾ മനപ്പൂർവ്വം അടയ്ക്കുകയാണെങ്കിൽ അടക്കട്ടെ. അത്കൊണ്ട് സത്യത്തിന് എന്ത് നഷ്ടമുണ്ടാകാനാണ്. എന്നാൽ അതാ ആ കാലം വരുന്നു. അല്ല അത് സമീപസ്ഥമാണ്. ഈ പ്രവചനങ്ങളെക്കുറിച്ച് ചിന്തിച്ചിരുന്നുവെങ്കിൽ പല ഫിർഔൻ പ്രകൃതക്കാരും മുങ്ങുന്നതിൽ നിന്ന് രക്ഷപ്പെട്ടേനെ. ദൈവം അരുളുന്നു ഞാൻ ആക്രമണത്തിനുമേൽ ആക്രമണം അഴിച്ചുവിടുന്നതാണ്. എത്ര മാത്രമെന്നാൽ നിന്റെ സത്യത്തെ ജനഹൃദയങ്ങളിൽ കുടിയിരുത്തുന്നതാണ്. അത് കൊണ്ട് മൗലവിമാരേ ദൈവത്തോട് പോരാടാൻ നിങ്ങൾക്ക് കരുത്തുണ്ടെങ്കിൽ നിങ്ങൾ പോരാടുക. എനിക്കു മുമ്പേ വിനീതനായ ഒരു മനുഷ്യനോട്, മറിയമിന്റെ മകനോട് യഹൂദികൾ എന്തെന്തല്ലാമാണ് ചെയ്തുകൂട്ടിയത്. അവരുടെ ധാരണയിൽ ഏതു രീതിയിലാണ് അവർ അദ്ദേഹത്തെ കുരിശിൽ തറച്ച് കൊന്നത്. എന്നാൽ അല്ലാഹു അദ്ദേഹത്തെ കുരിശുമരണത്തിൽനിന്നുരക്ഷിച്ചു. അദ്ദേഹത്തെ വഞ്ചകനും കള്ളവാദിയുമായി ചിത്രീകരിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. പിന്നീട് ഒരുകാലംവന്നു. 40 കോടി ജനങ്ങൾ അദ്ദേഹത്തെ ദൈവമായി പൂജിച്ചുവരുന്നു. (ഇപ്പോൾ ഈ സംഖ്യ വളരെ കൂടുതലാണ്.) ഒരു മനുഷ്യനെ ദൈവമാക്കുക എന്ന ഇവരുടെ പ്രവർത്തി കുഫ്റാണെങ്കിലും ഇത് യഹൂദികൾക്കുള്ള മറുപടിയാണ്. കള്ളവാദിയെപ്പോലെ തങ്ങളുടെ കാലുകൾക്ക് കീഴെ ചവിട്ടി മെതിക്കാൻ അവർ ഉദ്ദേശിച്ച മറിയമിന്റെ മകനായ യേശുവിന്റെ മുമ്പിൽ ഇപ്പോൾ 40 കോടി ജനങ്ങളാണ് തലകുനിക്കുന്നത്. ആ പേര് കേട്ടാൽ രാജാക്കൻമാർ പോലും നമ്രശിരസ്ക്കരായി നിൽക്കുന്നു. അല്ലാഹുവിനോട്, മറിയമിന്റെ മകൻ യേശുവിനെപ്പോലെ ശിർക്കിന് എന്നെ കാര

ണമാക്കരുതെന്ന് ഞാൻ ദുആ ചെയ്തിട്ടുണ്ട്. അല്ലാഹു എന്നെ ഇതിൽ നിന്നും മുക്തനാക്കുന്നതാണ്. എന്നാൽ അല്ലാഹു എന്നെ പലവുരു അറിയിച്ചിരിക്കുന്നു. അവൻ എനിക്ക് വലിയ മഹത്വം നൽകുന്നതാണ്. എന്നോടുള്ള സ്നേഹം ജനഹൃദയങ്ങളിൽ അവൻ കുടിയിരുത്തുന്നതാണ്. എന്റെ പ്രസ്ഥാനത്തെ ലോകത്ത് എല്ലായിടത്തും വ്യാപിപ്പിക്കുന്നതും മറ്റെല്ലാ പ്രസ്ഥാനങ്ങൾക്കും മീതെ ഇതിനു വിജയം നൽകുന്നതുമാണ്. എന്റെ പ്രസ്ഥാനത്തിലുള്ളവർ അറിവിലും ജ്ഞാനത്തിലും ഉന്നതി കൈവരിക്കുകയും സത്യത്തിന്റെ പ്രകാശം കൊണ്ടും വ്യക്തമായ തെളിവുകൾ കൊണ്ടും അവർ എല്ലാവരുടെയും വായ അടപ്പിക്കുകയും ചെയ്യുന്നതാണ്. ഓരോ സമൂഹവും ഈ നീരുറവയിൽനിന്ന് പാനം ചെയ്യുന്നതാണ്. ഈ പ്രസ്ഥാനം വളരും, പുഷ്പിക്കും എത്രമാത്രമെന്നാൽ ഭൂമിയിൽ മുഴുവനും ഇത് വ്യാപിക്കുകയും ചെയ്യും. പല തടസ്സങ്ങളും പരീക്ഷണങ്ങളും ഉണ്ടാകും. ഈ പ്രയാസങ്ങളെയെല്ലാം അല്ലാഹു ഇടയിൽനിന്നും നീക്കുന്നതാണ്. തന്റെ വാഗ്ദാനത്തെ അവൻ പൂർത്തിയാക്കുന്നതാണ്.

അല്ലാഹു എന്നെ അഭിസംബോധന ചെയ്തുകൊണ്ട് പറഞ്ഞു. നിനക്ക് ഞാൻ അനുഗ്രഹത്തിനുമേൽ അനുഗ്രഹം ചെയ്യുന്നതാണ്. എത്രമാത്രമെന്നാൽ രാജാക്കന്മാർ നിന്റെ വസ്ത്രത്തിൽ നിന്നും അനുഗ്രഹങ്ങൾ തേടുന്നതാണ്. ശ്രോതാക്കളെ! ഈ കാര്യങ്ങൾ ഓർത്തുവെക്കുക. ഈ പ്രവചനങ്ങൾ നിങ്ങളുടെ പെട്ടികളിൽ ഭദ്രമായി സൂക്ഷിക്കുക . ഇവ ദൈവ വചനങ്ങളാണ്. ഒരു നാൾ ഇത് പൂർത്തിയാകുക തന്നെചെയ്യും. ഞാൻ എന്നിൽ ഒരു നന്മയും കാണുന്നില്ല. ഞാൻ ചെയ്യേണ്ട എല്ലാ പ്രവർത്തികളും ചെയ്തിട്ടുമില്ല. ഒരു പ്രാപ്തിയുമില്ലാത്ത വെറും ഒരു തൊഴിലാളിയായി ഞാനെന്നെ കാണുന്നു. എന്നിൽഇറങ്ങിയ ഈ അനുഗ്രഹങ്ങളെല്ലാം അല്ലാഹുവിന്റെ കൃപ ഒന്നുകൊണ്ട് മാത്രമാണ്. ഒരു കഴിവുമില്ലാത്ത ഈ നിസാരനെ സ്വീകരിച്ച ആദരണീയനായ അല്ലാഹുവിന് ആയിരമായിരം നന്ദി.

അല്ലാഹു നമുക്ക് യഥാർത്ഥ അഹ്മദികളായി ജീവിക്കാനും ഹദ്റത്ത് മസീഹ് മൗഊദ് (അ)നോട് വാഗ്ദാനം ചെയ്തിട്ടുള്ള എല്ലാ വിജയങ്ങളും ദർശിക്കുവാനും തൗഫീഖ് നൽകുമാറാകട്ടെ.


**വിവർത്തനം**
എം. നാസിർ അഹ്മദ്, കൊടിയത്തൂർ
മുബല്ലിഗ് – എറണാകുളം
**PHONE : 94461 51197**

**KHUTHBA:**

**HADHRAT MIRZA MASROOR AHMAD**
**KHALIFATHUL MASIH - V**
**on 24 -10 - 2008 at**
**Baithul Futuh**
**UK**

Page Layout & Type Set: Majlis Khuddamul Ahmadiyya, Kakkanad
Published by : **Majlis Khuddamul Ahmadiyya, Kerala**